**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1502.** 07.06.2018-ന് **മറുപടിയ്ക്ക്**

## ഭൂമി ഏറ്റെടുക്കൽ നടപടി

**ചോദ്യം**

**ശ്രീ. പി.ജെ. ജോസഫ്**

**ഉത്തരം**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)**

(എ) തൊടുപുഴ നിയോജക മണ്ഡലത്തിലെ തൊടുപുഴ സ്റ്റേഡിയം, മുട്ടം ബൈപ്പാസ്, പുറപ്പുഴ - വഴിത്തല റോഡ് എന്നിവയുടെ ഭൂമി ഏറ്റെടുക്കൽ നടപടി ഏതുഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) കാലതാമസം ഒഴിവാക്കി ഭൂമി ഏറ്റെടുക്കൽ നടപടി ഊർജ്ജിതമാക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ) യും (ബി) യും തൊടുപുഴ നിയോജക മണ്ഡലത്തിലെ തൊടുപുഴ സ്റ്റേഡിയത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്ക് 2013-ലെ RFCTLARR ആക്ട്, 2015-ലെ LARR Rules എന്നിവ പ്രകാരം ഏറ്റെടുക്കുന്നതിന്റെ മുന്നോടിയായി പ്രാരംഭചെലവുകൾക്കുള്ള തുക അർത്ഥനാധികാരി ഒടുക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടില്ലാത്തതാണ്. അർത്ഥനാധികാരി പ്രാരംഭ ചെലവുകൾക്കായി തുക ഒടുക്കുന്ന മുറയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മുട്ടം ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 2013-ലെ RFCTLARR ആക്ട് അനുസരിച്ച് ലഭിച്ച അർത്ഥനാപത്രം പൂർണ്ണമല്ലാത്തതും അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ലാത്തതുമാണ്. ആയത് ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിക്ക് കത്ത് നൽകിയിട്ടുള്ളതാണ്. അർത്ഥനാപത്രവും അനുബന്ധരേഖകളും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പുറപ്പുഴ - വഴിത്തല റോഡിന്റെ ഭൂമി ഏറ്റെടുക്കുന്നതിനായി 2013-ലെ RFCTLARR ആക്ട് പ്രകാരമുള്ള അർത്ഥനാപത്രവും അനുബന്ധരേഖകളും അർത്ഥനാധികാരി ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ